പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4164

27.06.2012-ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാരം വഴി സർക്കാരിന് ലഭിച്ച വരുമാനം

ചോദ്യം
ശ്രീ. കെ.എസ്. സലീഖ

ഉത്തരം
ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പു മന്ത്രി).

| | | | |
|---|---|---|---|
| എ) | യുറോപ്യൻ രാജ്യങ്ങളിലെ സാമ്പത്തിക പ്രതിസന്ധി കേരളത്തിന്റെ ടൂറിസം രംഗത്തെ ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | ഉണ്ട്. കേരളത്തിലേക്ക് ഏറ്റവും അധികം വിദേശ വിനോദസഞ്ചാരികൾ എത്തിച്ചേരുന്ന യൂറോപ്യൻ രാജ്യങ്ങളായ യു.കെ, നെതർലാൻഡ്സ്, ആസ്ട്രിയ എന്നീ രാജ്യങ്ങളിൽ നിന്നും 2011-ൽ . . . . . കേരളത്തിലെത്തിയ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2010 -നെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്. |
| ബി) | പ്രതിവർഷം സംസ്ഥാനത്തെത്തുന്ന വിദേശസഞ്ചാരികളിൽ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ളവർ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കാമോ; | ബി) | ഏകദേശം 60 ശതമാനത്തോളം പേർ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ളവരാണ്. |
| സി ) | ഇന്ത്യയിൽ കഴിഞ്ഞവർഷമെത്തിയ മൊത്തം ടൂറിസ്റ്റുകളിൽ എത്ര ശതമാനം പേർ കേരളം സന്ദർശിച്ചുവെന്ന് വ്യക്തമാക്കുമോ; | സി ) | ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ കഴിഞ്ഞവർഷം എത്തിയ മൊത്തം ടൂറിസ്റ്റുകളിൽ ഏകദേശം 11.65 ശതമാനം പേർ കേരളം സന്ദർശിച്ചുവെന്ന് കണക്കാക്കുന്നു. |
| ഡി ) | കഴിഞ്ഞ വർഷം എത്ര വിദേശസഞ്ചാരികളും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളും കേരളം സന്ദർശിച്ചുവെന്നും ഇതു വഴി എത്ര കോടി രൂപ സംസ്ഥാന ഖജനാവിന് ലഭിക്കുകയുണ്ടായെന്നും വ്യക്തമാക്കുമോ? | ഡി ) | കഴിഞ്ഞ വർഷം (2011), കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 7,32,985 ഉം ആഭ്യന്തര സഞ്ചാരികളുടെ എണ്ണം 93,81,455 ഉം ആണ്. ഇതിൽ നിന്നും മൊത്തം 19037 കോടി രൂപയുടെ വരുമാനം ഉണ്ടായതായി കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ